# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2013 05-10-2016-ൽ മറുപടിക്ക്

### അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | മറുപടി<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെക്ഷേമത്തിനും സംരക്ഷണത്തിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (എ) കേരളത്തിലെ അസംഘടിത മേഖലയിലേയും പരമ്പരാഗത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുമായി തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. ഈ ബോർഡുകൾക്കു കീഴിലായി 26 ക്ഷേമപദ്ധതികൾ മുഖേന തൊഴിലാളികൾക്ക് വിവിധങ്ങളായ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിവിധ ക്ഷേമ പദ്ധതികളിലായി സംസ്ഥാനത്തൊട്ടാകെ 70 ലക്ഷത്തോളം തൊഴിലാളികൾ അംഗത്വമെടുക്കുകയും ആനുകൂല്യങ്ങൾ കൈപ്പറ്റി വരുകയും ചെയ്യുന്നു. തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്, വിവാഹ ധനസഹായം, പ്രസവാനുകൂല്യം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, പെൻഷൻ, അവശതാ പെൻഷൻ, തുടങ്ങിയവ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ മുഖേന നൽകിവരുന്നു. |

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സംസ്ഥാനത്ത് 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിൽ നിയമ ലംഘനം തടയുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി (ജനനി പദ്ധതി), അസംഘടിത മേഖലയിലെ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നതോടൊപ്പം ഇൻകം സപ്പോർട്ട് സ്കീം എന്ന പദ്ധതിയും വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ